# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 48 09/03/2015ലെ മറുപടിക്ക്

### ഒഴിവുകൾ പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) 2014-15 വർഷത്തിൽ വിവിധ വകുപ്പുകളിലായി എത്ര പേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ട് എന്ന് അറിയിക്കാമോ; | (എ) വിവരം ശേഖരിച്ചു വരുന്നു. |
| (ബി) പല വകുപ്പുകളും ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) യും (സി) യും (ഡി) യും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ഒഴിവുകളും 2015 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി. യെ അറിയിക്കാൻ എല്ലാ നിയമനാധി കാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ചില തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികളോട് സർക്കാർ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട് |
| (സി) എങ്കിൽ ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യാത്ത വകുപ്പുമേധാവികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം നല്കാമോ; | |

(ഡി) ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യുന്നതിനു അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഒരു ലിസ്റ്റിൽ നിന്നും കുറഞ്ഞത് 50% പേരെയെങ്കിലും നിയമിക്കാതെ പുതിയ അപേക്ഷ ക്ഷണിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(ഇ) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് മാത്രമേ നിയമനം നൽകാൻ സാധിക്കുകയുള്ളു. അതിനാൽ ഒരു ലിസ്റ്റിലെ എത്ര പേർക്ക് നിയമനം ലഭിക്കും എന്ന് കൃത്യമായി മുൻകൂട്ടി നിശ്ചയിക്കുവാൻ കഴിയുകയില്ല.

സെക്ഷൻ ഓഫീസർ